**15 -ാം കേരള നിയമസഭ**

**1 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 99** **07-06-2021 - ൽ മറുപടിയ്ക്ക്**

**മദ്രസ്സാ അദ്ധ്യാപകരുടെ ശമ്പളം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ ,<br>ശ്രീ . എൻ . ഷംസുദീൻ ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ. കെ. പി. എ. മജീദ് | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | മദ്രസ്സാ അദ്ധ്യാപകർക്ക് പൊതുഖജനാവിൽ നിന്നും ശമ്പളവും അലവൻസുകളും വിതരണം ചെയ്യുന്നുണ്ടോ; ഈ അദ്ധ്യാപകർക്ക് നിലവിൽ ഏത് രീതിയിലാണ് ശമ്പളവും ആനുകൂല്യങ്ങളും നൽകുന്നതെന്ന് അറിയിക്കുമോ; | (എ) | ഇല്ല. മദ്രസ്സാ അദ്ധ്യാപകർ ജോലി ചെയ്യുന്ന അതാത് മദ്രസ്സാ മാനേജ്മെന്റുകളാണ് അവർക്ക് ശമ്പളം നൽകുന്നത്. |
| (ബി) | മദ്രസ്സാ അദ്ധ്യാപകർക്ക് ശമ്പളം നൽകുന്നതിന് ബജറ്റിൽ നിന്നും വലിയൊരു വിഹിതം ചെലവഴിക്കുന്നതായി സാമൂഹ്യ മാധ്യമങ്ങളിൽ ഉൾപ്പെടെ പ്രചരണം നടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ യഥാർത്ഥ വസ്തുത പൊതുജനത്തെ ബോധ്യപ്പെടുത്തുന്നതിനായി എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ ; ഫാക്റ്റ് ചെക്ക് ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന സർക്കാർ രൂപീകരിച്ചിട്ടുള്ള ടീം ഈ വിഷയം പരിശോധിച്ചിട്ടുണ്ടോ; | (ബി) | ഉണ്ട്. സമൂഹമാധ്യമങ്ങൾ വഴി യഥാർത്ഥ വസ്തുത പൊതു ജനങ്ങളെ ബോധ്യപ്പെടുത്തുവാൻ കേരള മദ്രസ്സാ അദ്ധ്യാപക ക്ഷേമ നിധി ബോർഡ് ശ്രമിച്ചിട്ടുണ്ട്. വിവര പൊതുജന സമ്പർക്ക വകുപ്പിന്റെ ഫാക്റ്റ് ചെക്ക് ടീം FC06/17/10/2020/PRD/IDKY എന്ന നമ്പരായി സമാന സ്വഭാവത്തിലെ വിഷയം രജിസ്റ്റർ ചെയ്തിട്ടുണ്ട്. |
| (സി) | എങ്കിൽ ഈ വിഷയത്തിൽ യഥാർത്ഥ വസ്തുത പൊതുസമൂഹത്തെ ബോധ്യപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ? | (സി) | പ്രസ്തുത വിഷയം സംബന്ധിച്ച് ശരിയായ വിവരങ്ങൾ പൊതുജനങ്ങളിൽ എത്തിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിച്ച് വരുന്നു. |

സെക്ഷൻ ഓഫീസർ